**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 125** **11-10-2024 - ൽ മറുപടിയ്ക്ക്**

**ഉന്നത വിദ്യാഭ്യാസ മേഖലയിൽ മികവിന്റെ കേന്ദ്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. കെ. ടി. ജലീൽ,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ. ഐ. ബി. സതീഷ്,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഉന്നത വിദ്യാഭ്യാസ മേഖലയുടെ ഗുണനിലവാരവും ആധുനിക ഗവേഷണങ്ങളും മെച്ചപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ മേഖലയുടെ ഗുണനിലവാരവും ആധുനിക ഗവേഷണവും മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി 20-04-2023 ലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 576/2023/ ഉ.വി.വ. , 23-08-2023 ലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 1318/2023/ഉ.വി.വ എന്നിവ പ്രകാരം KIIFB ഫണ്ടിന്റെ പിന്തുണയോടെ ചുവടെ പറയുന്ന മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനു സർക്കാർ അനുമതി നൽകിയിട്ടുണ്ട്.<br><br>1. Thanu Padmanabhan Centre of Excellence in Astronomy and Astrophysics (in the Campus of the University of Kerala)<br><br>2. Centre of Excellence in Neurodegeneration and Brain Health (in the campus of Cochin University of Science and Technology)<br><br>3. Centre of Excellence in Nanoscience & Nanotechnology (in the Campus of Mahatma Gandhi University)<br><br>കൂടാതെ 22 -07 -2024 ലെ GO(Rt) No. 897/2024/HEDN , പ്രകാരം 7 മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനു സർക്കാർ അനുമതി നൽകിയിട്ടുണ്ട്.<br><br>വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു<br><br>1.Centre of excellence for Teaching, Learning and Training :-<br><br>വിദ്യാർത്ഥികളുടെ വിജയം വർദ്ധിപ്പിക്കുകയും ഒരു കമ്മ്യൂണിറ്റി പങ്കാളിത്തം കെട്ടിപ്പടുക്കുകയും |

ബൗദ്ധികമായി വ്യത്യസ്തവും സജീവവുമായ ഒരു പഠന സമൂഹത്തിൽ അംഗങ്ങളാകാൻ വ്യക്തികളെ പ്രാപ്തരാക്കുകയും ചെയ്യുകയാണ് ഇതിൻറെ ലക്ഷ്യം. പുതിയ കരിക്കുലം നടപ്പിലാക്കുന്നതിന് അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും ആവശ്യമായ പരിശീലനം നൽകുന്നതിനും പ്രസ്തുത കേന്ദ്രം ലക്ഷ്യമിടുന്നു .

2.Kerala Institute for Science, Technology and Innovation (KISTI): നാനോ ടെക്നോളജി, അഡ്വാൻസ്ഡ് മെറ്റീരിയൽസ്, സിസ്റ്റംസ് ബയോളജി, ബയോഡേറ്റ അനാലിസിസ്, റോബോട്ടിക്സ് , എനർജി എഞ്ചിനീയറിംഗ്, ഇലക്ട്രിക് മൊബിലിറ്റി, ആർട്ടിഫിഷ്യൽ ഇൻറലിജൻസ് തുടങ്ങി ഇന്ന് ഉയർന്നുവരുന്ന വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിക്കുന്നതിനുവേണ്ടി ഒരു മാനവിക സമൂഹത്തെ പടുത്തുയർത്തുകയും അതിൽ കൂടി ഒരു പുതിയ വിജ്ഞാനത്തിന്റെയും മാനവിക വൈദഗ്ധ്യത്തിന്റെയും ഒരു പുത്തൻ കേരളം സൃഷ്ടിക്കുകയും ചെയ്യുകയാണ് ഇതിന്റെ ലക്ഷ്യം.

3.Kerala Institute of Advanced Studies (KIAS): കേരളത്തിന്റെ ചരിത്രം, സമൂഹം, സാമ്പത്തിക വ്യവസ്ഥ, സാംസ്കാരിക പ്രവർത്തനങ്ങൾ എന്നിവയിലുള്ള നിർവ്യാപനമായ പഠനത്തെയും ഗവേഷണത്തേയും ഇത് ലക്ഷ്യം വെയ്ക്കുന്നു.

4.Kerala Network for Research-support in Higher Education (KNRSHE): കോളേജുകളിലെ അധ്യാപകരെയും ഗവേഷകരെയും കൈപിടിച്ച് ഉയർത്തുന്നതിനും സഹായിക്കുന്നതിനും ഫണ്ട് റൈറ്റിംഗിന്റെ ആക്കം നിലനിർത്തുന്നതിനും സ്വകാര്യ സ്രോതസ്സുകൾ ഉൾപ്പെടെയുള്ള വിവിധ ഏജൻസികളിൽ നിന്നും ഗവേഷണ ഫണ്ട് സ്വരൂപിക്കുന്നതിനും ഗവേഷണം നടത്താൻ അവരെ സഹായിക്കുന്നതിനും ഇത് ലക്ഷ്യമിടുന്നു.

5.Centre for Indigenous Peoples Education (CIPE): തദ്ദേശീയരായ ജനങ്ങളുടെ വിദ്യാഭ്യാസത്തിനായി ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെയും ആദിവാസി ക്ഷേമ വകുപ്പിന്റെ സംയുക്ത സംരംഭമാണിത്.

6.The Kerala Institute for Gender Equality (KIGE): സമൂഹത്തിലെ ലിംഗനീതിയും സാമൂഹ്യപരിഷ്കരണവും നടപ്പിലാക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം.

| | | | |
|---|---|---|---|
| | | | 7.Kerala Language Network (KLN): കേരള ഭാഷ ശൃംഖല മലയാളം ഉൾപ്പെടെ വിവിധ ഭാഷകളെ വിജ്ഞാനത്തിന്റെ ഭാഷയായി വികസിപ്പിക്കുകയും,വിവിധ സംരംഭങ്ങൾ ഏറ്റെടുത്ത് ഭാഷകളെ പ്രോത്സാഹിപ്പിക്കുകയും സംസ്കാരങ്ങളെ ആഘോഷിക്കുകയും ചെയ്യുകയെന്നതാണ് ഇതിന്റെ ലക്ഷ്യം. |
| (ബി) | പ്രസ്തുത മികവിന്റെ കേന്ദ്രങ്ങൾ ഏതൊക്കെ മേഖലകളിലാണ് ആരംഭിക്കുന്നതെന്ന് അറിയിക്കുമോ; | (ബി) | **എ** യിൽ നൽകിയിട്ടുണ്ട്. |
| (സി) | പാഠ്യപദ്ധതി രൂപകല്പന, ഗവേഷണം, വിദ്യാർത്ഥി പരിശീലനം എന്നിവയെ അടിസ്ഥാനമാക്കി ഇവ ആരംഭിക്കാൻ പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ; | (സി) | **എ** യിൽ നൽകിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിലൂടെ സംസ്ഥാനത്തിന്റെ ഉന്നത വിദ്യാഭ്യാസരംഗത്ത് എന്തെല്ലാം നേട്ടങ്ങളാണ് പ്രതീക്ഷിക്കുന്നതെന്നുള്ള വിശദാംശം നൽകാമോ? | (ഡി) | സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ രംഗത്ത് ശാസ്ത്രം , സാമൂഹ്യ ശാസ്ത്രം, മാനവിക വിഷയം, ഭാഷകൾ, ആർട്സുകൾ എന്നിവയുടെ പഠന ഗവേഷണ പ്രോഗ്രാമുകൾ ശക്തിപ്പെടുത്തുക , പ്രസ്തുത രംഗങ്ങളിൽ പുത്തൻ ഇടപെടലുകളും പരിഹാരങ്ങളും കൊണ്ടുവരിക എന്നിങ്ങനെ ആധുനിക വിജ്ഞാന സമൂഹ സൃഷ്ടിക്ക് അനിവാര്യവും സഹായകവുമായ നിരവധിയായ മാറ്റങ്ങൾ മികവിന്റെ കേന്ദ്രങ്ങൾ വഴി പ്രതീക്ഷിക്കുന്നു . ചില മേഖലകളിൽ നിലവിലുള്ള സ്ഥാപനങ്ങളെ ശ്രദ്ധേയമായ രീതിയിൽ ഉയർത്തിക്കൊണ്ട് പുതിയ സ്ഥാപനമായി പരിവർത്തിപ്പിക്കാനും കഴിയുന്നതാണ് . ഇത് ആധുനിക വിജ്ഞാന സമൂഹ സൃഷ്ടിയ്ക്ക് അനിവാര്യവും സഹായകവുമാണ്. |

സെക്ഷൻ ഓഫീസർ